REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 31-08-2026** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- **ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ ലക്ഷദ്വീപിലെ അഗത്തിയിൽ മിഷൻ രംഗീൻ മച്‌ലി 2031-ന്റെ കർമ്മ പദ്ധതികൾക്ക് തുടക്കം കുറിച്ചു. വൈകിട്ട് കൊച്ചിയിലെ പരിപാടികളിലും ഉപരാഷ്ട്രപതി പങ്കെടുക്കും.**
- **രണ്ടു ദിവസത്തെ കിർഗിസ്ഥാൻ സന്ദർശനത്തിന് ബിഷ്കെക്കിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഫ്രണ്ട് ഓഫ് ഇന്ത്യ പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തി.**
- **ഇന്ത്യൻ നാവികസേനയുടെ 'INS നിപുൺ' മുംബൈയിലെ നേവൽ ഡോക്ക്‌യാർഡിൽ കമ്മീഷൻ ചെയ്തു.**
- **രാജ്യത്തെ പൊലീസ് സേനയ്ക്ക് മാതൃകയാണ് കേരള പൊലീസ് എന്ന് മന്ത്രി രമേശ് ചെന്നിത്തല.**
- **ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യതാ റൗണ്ടിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് സിറിയയെ നേരിടും.**

## വാർത്തകൾ വിശദമായി

ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ ലക്ഷദ്വീപിലെ അഗത്തിയിൽ ഫിഷറീസ്-മൃഗസംരക്ഷണ - ക്ഷീരവികസന മന്ത്രാലയം സംഘടിപ്പിച്ച സൗഹൃദ പരിപാടിയിൽ മുഖ്യാതിഥിയായി പങ്കെടുത്തു. മിഷൻ രംഗീൻ മച്‌ലി 2031-ന്റെ കർമ്മ പദ്ധതികൾക്ക് അദ്ദേഹം തുടക്കം കുറിച്ചു.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)....

രാവിലെ പത്തോടെ അഗത്തി വിമാനത്താവളത്തിൽ എത്തിയ ഉപരാഷ്ട്രപതി CP രാധാകൃഷ്ണനെ ലക്ഷദ്വീപ് അഡ്മിനിസ്ട്രേറ്റർ പ്രഫുൽ പട്ടേലിന്റെ നേതൃത്വത്തിൽ ഔദ്യോഗികമായി സ്വീകരിച്ചു. നാവികസേനയും, തീരരക്ഷാസേനയും, ലക്ഷദ്വീപ് പൊലീസും CRPF ഉം, ഇന്ത്യൻ റിസർവ് ബറ്റാലിയനും ചേർന്ന് ഉപരാഷ്ട്രപതിക്ക് ഗാർഡ് ഓഫ് ഓണർ നൽകി. കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംഗ്, സഹമന്ത്രി SP സിംഗ് ബാഗേൽ എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു.

നൃത്ത ചുവടുകളോടെ സ്വീകരിച്ച വിദ്യാത്ഥികളെ ഉപരാഷ്ട്രപതി പ്രശംസിക്കുകയും അവർക്ക് മധുര പലഹാരം നൽകുകയും ചെയ്തു.

ലക്ഷദ്വീപ് സന്ദർശനത്തിന് ശേഷം കൊച്ചിയിൽ തിരികെയെത്തുന്ന ഉപരാഷ്ട്രപതി വൈകിട്ട് കാക്കനാട്ടെ രാജഗിരി സ്കൂൾ ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജി രജതജൂബിലി ആഘോഷങ്ങളിലും, കോൺഫ്ലുവൻസ് 3.0 വ്യവസായ–അക്കാദമിക് ഉച്ചകോടിയിലും പങ്കെടുക്കും. തുടർന്ന് അദ്ദേഹം ഡൽഹിയിലേക്ക് മടങ്ങും.

ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് ഇന്ന് കൊച്ചി നഗരത്തിൽ ഗതാഗത, ഡ്രോൺ നിയന്ത്രണം ഏർപ്പെടുത്തി. ഉച്ചയ്ക്ക് 2 വരെയും, വൈകിട്ട് 4 മുതൽ 6 വരെയുമാണ് നിയന്ത്രണം.

✪✪✪

മുൻ രാഷ്ട്രപതി ഡോ.പ്രണവ് മുഖർജിയുടെ ചരമവാർഷിക ദിനത്തിൽ ആഭ്യന്തരമന്ത്രി അമിത് ഷാ അദ്ദേഹത്തെ അനുസ്മരിച്ചു. പ്രണവ് മുഖർജി മികച്ച ഭരണാധികാരിയും പണ്ഡിതനുമായിരുന്നുവെന്നും ദശാബ്ദങ്ങൾ നീണ്ട പൊതുജീവിതത്തിൽ രാജ്യത്തോടും ഭരണഘടനാ മൂല്യങ്ങളോടും ഉറച്ച പ്രതിബദ്ധത അദ്ദേഹം പ്രകടമാക്കിയിരുന്നുവെന്നും അമിത്ഷാ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

2026-27 സാമ്പത്തിക വർഷത്തിൽ ഇന്ത്യ ഏഴ് ശതമാനത്തിൽ കൂടുതൽ സാമ്പത്തിക വളർച്ചാ നിരക്ക് നിലനിർത്താൻ സാധ്യതയെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. U.S സന്ദർശനത്തിനിടെ ഷിക്കാഗോയിലെ പ്രവാസി ഇന്ത്യക്കാരെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ.

U.S - ഇറാൻ സംഘർഷത്തെ തുടർന്ന് ഹോർമുസ് കടലിടുക്കിലെ തടസങ്ങൾ, തുടക്കത്തിൽ ക്രൂഡ് ഓയിൽ, പെട്രോളിയം ഉൽപ്പന്നങ്ങൾ, വളം തുടങ്ങിയവയുടെ വിതരണത്തെ ബാധിച്ചിരുന്നെങ്കിലും, വിതരണ മാർഗങ്ങൾ

പുനഃക്രമീകരിച്ച് രാജ്യം പ്രതിസന്ധിയെ മറികടന്നുവെന്നും നിർമലാ സീതാരാമൻ പറഞ്ഞു.

ആഷ്‌വില്ലെയിൽ ചേരുന്ന G-20 ധനമന്ത്രിമാരുടെയും സെൻട്രൽ ബാങ്ക് ഗവർണർമാരുടെയും യോഗത്തിൽ ധനമന്ത്രി ഇന്നും നാളെയും പങ്കെടുക്കും.

✪✪✪

ഇന്ത്യൻ നാവികസേന 'നിസ്തർ' ക്ലാസിലെ രണ്ടാമത്തെ ഡൈവിംഗ് സപ്പോർട്ട് വെസലായ 'INS നിപുൺ' മുംബൈയിലെ നേവൽ ഡോക്ക്‌യാർഡിൽ കമ്മീഷൻ ചെയ്തു.

തന്ത്രപ്രധാനമായ മാറ്റങ്ങൾ സംഭവിക്കുന്ന ഈ കാലഘട്ടത്തിൽ, കടലിലെ ആഴക്കടൽ ദൗത്യങ്ങൾക്കും വിവിധ തലങ്ങളിലെ പ്രവർത്തനങ്ങൾക്കും ആവശ്യമായ നാവികസേനയുടെ സവിശേഷമായ അന്തർജല ശേഷിക്ക് 'നിപുൺ' കരുത്തുറ്റ മുതൽക്കൂട്ടായിരിക്കുമെന്ന് നാവികസേനാ മേധാവി അഡ്മിറൽ കൃഷ്ണ സ്വാമിനാഥൻ പറഞ്ഞു.

വിശാഖപട്ടണത്തെ ഹിന്ദുസ്ഥാൻ ഷിപ്പ്‌യാർഡ് ലിമിറ്റഡ് തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിച്ചതാണ് 'നിപുൺ'. വിപുലമായ ഡൈവിംഗ്, അന്തർജല പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയതാണിത്. ആധുനിക ഡൈവിംഗ് സംവിധാനങ്ങളും അന്തർജല പ്രവർത്തനങ്ങൾക്ക് ശേഷിയും കപ്പലിൽ സജ്ജീകരിച്ചിട്ടുണ്ട്. നാവിഗേഷൻ, പ്ലാറ്റ്ഫോം മാനേജ്‌മെന്റ്, കൃത്യമായ സ്ഥാനനിർണ്ണയം എന്നിവയ്ക്ക് ആധുനിക സംവിധാനങ്ങളും, ഡൈവിംഗ്, അന്തർജല പ്രവർത്തനങ്ങൾ, വൈദ്യസഹായം എന്നിവയ്ക്ക് പ്രത്യേക സൗകര്യങ്ങളും കപ്പലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

✪✪✪

നേപ്പാളിലെ മിന്നൽ പ്രളയത്തിൽ മരിച്ചവരുടെ എണ്ണം 794 ആയി. 2,500-ലധികം ആളുകളെ ഇനിയും കണ്ടെത്താനുണ്ട്. ത്രിശൂലി നദിയിൽ ഇന്നലെ ഉണ്ടായ വെള്ളപ്പൊക്കത്തിൽ മധ്യനേപ്പാളിലെ തൂക്കുപാലം ഒലിച്ചുപോയി.

ഇന്ത്യൻ പ്രത്യേക ടണൽ രക്ഷാപ്രവർത്തന സംഘം നേപ്പാളിലെ ചിലിമെ, ലാങ്ടാങ് മേഖലകളിലെ ജലവൈദ്യുത പദ്ധതിയുടെ തുരങ്കങ്ങളിൽ നേപ്പാൾ സൈന്യത്തിന്റെ സംഘത്തോടൊപ്പം തിരച്ചിൽ-രക്ഷാപ്രവർത്തനങ്ങൾ നടത്തി. നേപ്പാൾ സൈന്യവുമായി ചേർന്ന് സംഘം തിരച്ചിൽ-രക്ഷാപ്രവർത്തനങ്ങൾ തുടരുമെന്ന് നേപ്പാളിലെ ഇന്ത്യൻ അംബാസഡർ നവീൻ ശ്രീവാസ്തവ സാമൂഹ്യ മാധ്യമത്തിൽ കുറിച്ചു.

✪✪✪

മിന്നൽ പ്രളയം കാരണം നേപ്പാളിൽ കുടുങ്ങിയ കോഴിക്കോട്ട് നിന്നുള്ള വിനോദ സഞ്ചാരികൾ തിരിച്ചെത്തി. ഇന്നലെ രാത്രി ബംഗ്ലൂരുവിലെത്തിയ 47 അംഗ സംഘം രാവിലെയാണ് കോഴിക്കോട്ടെത്തിയത്. ഈ മാസം 21 നാണ് സംഘം നേപ്പാളിലേക്ക് പോയത്.

✪✪✪

സെക്രട്ടേറിയറ്റിൽ മുഖ്യമന്ത്രി സന്ദർശകരെ കാണുന്നതിന് പുതിയ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു. പൊതു അവധി അല്ലാത്ത തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ഉച്ചകഴിഞ്ഞ് മൂന്ന് മുതൽ അഞ്ചര വരെ സന്ദർശകർക്ക് മുഖ്യമന്ത്രിയെ കാണുന്നതിന് സൗകര്യം ഉണ്ടായിരിക്കും. ഈ മൂന്ന് ദിവസങ്ങളിലും പ്രായമായവർ, ഭിന്നശേഷിക്കാർ, ശാരീരിക അവശതകളുള്ളവർ എന്നിവരെ സെക്രട്ടേറിയറ്റ് വളപ്പിലെ പരാതി പരിഹാര സെല്ലിൽ മുഖ്യമന്ത്രി നേരിട്ട് കാണും. അതിനുശേഷമായിരിക്കും മുഖ്യമന്ത്രി ഓഫീസിൽ സന്ദർശകരെ കാണുക.

മുൻകൂട്ടി അപ്പോയിന്റ്മെന്റ് എടുത്തിട്ടുള്ളവർക്കും ഈ സമയത്ത് ഓഫീസിലെത്തി മുഖ്യമന്ത്രിയെ കാണാം. മറ്റന്നാൾ മുതൽ പുതിയ ക്രമീകരണം നിലവിൽ വരും. മറ്റു ജില്ലകളിൽ നിന്ന് എത്തുന്നവർക്ക് മുഖ്യമന്ത്രിയെ വേഗത്തിൽ കണ്ട് പരാതി നൽകുന്നതിനും തിരക്ക് ഒഴിവാക്കുന്നതിനുമാണ് പുതിയ ക്രമീകരണമെന്ന് ഓഫീസ് അറിയിച്ചു. മുഖ്യമന്ത്രി സെക്രട്ടേറിയറ്റിൽ ഇല്ലാത്ത ദിവസങ്ങളിലും പരാതി പരിഹാര സെല്ലിൽ പൊതുജനങ്ങൾക്ക് നേരിട്ട് പരാതി നൽകാം.

✪✪✪

രാജസ്ഥാനിലെ ജയ്പൂരിൽ NEET PG പരീക്ഷയുടെ ചോദ്യപേപ്പറുകൾ ചോർന്നതായി സാമൂഹിക മാധ്യമത്തിൽ പ്രചരിക്കുന്ന വാർത്ത വ്യാജമാണെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചു. ചോദ്യപേപ്പർ ചോർച്ച ഉണ്ടായിട്ടില്ലെന്നും, പ്രചരിക്കുന്ന വാർത്ത തെറ്റിദ്ധാരണാജനകമാണെന്നും PIB ഫാക്ട് ചെക്ക് വിഭാഗം വ്യക്തമാക്കി.

✪✪✪

രാജ്യത്തെ പൊലീസ് സേനയ്ക്ക് മാതൃകയാണ് കേരള പൊലീസ് എന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. ഭരണഘടന ഉറപ്പുതരുന്ന ജനാധിപത്യവും മതേതരത്വവും കാത്തുസൂക്ഷിക്കുന്നതിൽ പൊലീസ് സേന മുഖ്യപങ്കുവഹിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. കണ്ണൂർ മാങ്ങാട്ടുപറമ്പിൽ പരിശീലനം പൂർത്തിയാക്കിയ KAP, MSP കേഡറ്റുകളുടെ പാസിംഗ് ഔട്ട്

പരേഡിൽ അഭിവാദ്യം സ്വീകരിച്ച ശേഷം സംസാരിക്കുകയായിരുന്നു ചെന്നിത്തല. സംസ്ഥാന പൊലീസ് മേധാവി രവദ ചന്ദ്രശേഖർ ഉൾപ്പെടെ ഉന്നത പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു. 305 പേരാണ് സേനയുടെ ഭാഗമായത്.

✪✪✪

രാഷ്ട്രീയ വിശദീകരണ സമ്മേളനങ്ങളിൽ പ്രതിപക്ഷ നേതാവ് പിണറായി വിജയൻ ജനങ്ങളെ വെല്ലുവിളിക്കുകയാണെന്ന് മന്ത്രി രമേശ് ചെന്നിത്തല പറഞ്ഞു. പാർട്ടി തോറ്റതിന് കാരണം ജനങ്ങളാണെന്നാണ് പിണറായി പറയുന്നത്. സംസ്ഥാന സമ്മേളനത്തിന് മുൻപായി പാർട്ടിയിലെ രോഷം തണുപ്പിക്കാനാണ് രാഷ്ട്രീയ വിശദീകരണ യോഗങ്ങൾ നടത്തുന്നത് എന്നും ചെന്നിത്തല കുറ്റപ്പെടുത്തി. കാന്തപുരം പറഞ്ഞത് സമസ്തയുടെ നിലപാടാണ്. സ്ത്രീകൾ പൊതുരംഗത്ത് വരരുതെന്ന് പറയുന്നതിനോട് യോജിപ്പില്ലന്നും മന്ത്രി പറഞ്ഞു. കണ്ണൂർ ഗസ്റ്റ് ഹൗസിൽ മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു ചെന്നിത്തല.

✪✪✪

പാലക്കാട് റെയിൽവേ ഡിവിഷൻ ആരംഭിച്ചിട്ട് ഇന്ന് എഴുപത് വർഷം പൂർത്തിയാവുന്നു. 1956 ഓഗസ്റ്റ് 31-നാണ് പാലക്കാട് റയിൽവേ ഡിവിഷൻ ഔദ്യോഗികമായി പ്രവർത്തനമാരംഭിച്ചത്.

പാലക്കാട് നിന്ന് ഫൈസൽ അലി മുത്ത്...

...........(വോയ്സ് ).....................

✪✪✪

ഏഷ്യൻ കപ്പ് ഫുട്ബോൾ യോഗ്യതാ റൗണ്ടിലെ ആദ്യ മത്സരത്തിൽ ഇന്ത്യ ഇന്ന് സിറിയയെ നേരിടും. ഉസ്ബെക്കിസ്ഥാനും, ബംഗ്ലാദേശിനുമൊപ്പം ഗ്രൂപ്പ് B യിലാണ് ഇന്ത്യ. രണ്ട് പതിറ്റാണ്ടിന് ശേഷം ഏഷ്യൻ കപ്പ് യോഗ്യത നേടുക എന്ന ലക്ഷ്യത്തോടെയാണ് ഇന്ത്യൻ യുവനിര ഇറങ്ങുന്നത്.

✪✪✪

ഏഷ്യകപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഗ്രൂപ്പ് ബി മത്സരത്തിൽ ദുബായിൽ ഇന്ന് ബംഗ്ലാദേശ് ഇന്തോനേഷ്യയെ നേരിടും. ഇന്ത്യൻ സമയം രാത്രി എട്ടിനാണ് മത്സരം.

ഇന്നലെ ഇന്ത്യ, തായ്‌ലൻഡിനെ 94 റൺസിന് പരാജയപ്പെടുത്തി.

✪✪✪

സംസ്ഥാനത്തെ അങ്കണവാടി കുട്ടികളുടെ സമഗ്ര ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിന് വനിതാ-ശിശു വികസന വകുപ്പും, ആരോഗ്യ കുടുംബക്ഷേമ വകുപ്പും ചേർന്ന് നടപ്പാക്കുന്ന 'ബാല്യസ്പന്ദനം പദ്ധതി' ക്ക് മറ്റന്നാൾ തുടക്കം. സംസ്ഥാനതല ഉദ്ഘാടനം മന്ത്രി ബിന്ദു കൃഷ്ണ തിരുവനന്തപുരത്ത് നിർവഹിക്കും. അങ്കണവാടി കുട്ടികളുടെ ത്രൈമാസ ആരോഗ്യ പരിശോധന പദ്ധതിയാണ് ബാല്യസ്പന്ദനം.

✪✪✪

'ഓപ്പറേഷൻ തൂഫാൻ – ദി നാർക്കോ ഹണ്ട്' പദ്ധതിയുടെ ഭാഗമായി കോഴിക്കോട് റൂറൽ ജില്ലാ പൊലീസ് സംഘടിപ്പിക്കുന്ന സീനിയർ സിറ്റിസൺസ് സംഗമവും 'തൂഫാൻ കെയർ ഡിക്ലറേഷൻ' പരിപാടിയും ഇന്ന് വടകരയിൽ നടത്തും. വൈകീട്ട് മുനിസിപ്പൽ ടൗൺഹാളിൽ മന്ത്രി രമേശ് ചെന്നിത്തല പരിപാടി ഉദ്ഘാടനം ചെയ്യും. തൂഫാൻ പോസ്റ്റർ രചനാ മത്സര വിജയികൾക്ക് മന്ത്രി സമ്മാനങ്ങൾ വിതരണം ചെയ്യും. പത്മശ്രീ മീനാക്ഷിഅമ്മ ഉൾപ്പെടെ സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖർ ചടങ്ങിൽ തൂഫാൻ ബാഡ്ജ് സ്വീകരിക്കും.

✪✪✪

---

*News Editor : പി ചന്ദ്രബാബു*
*News Reader: ശരണ്യ രാജൻ*
*News Team: ഫസ്ന ഫാത്തിമ, അനഘ*
*DEO: ഷീബ*